# ജലപുരാണം.

ഒതപ്പിലേക്ക്  തികട്ടിനിന്ന മലവെള്ളത്തിലേക്ക് ആ വൃദ്ധൻ ദീർഘനേരമായി തുടർന്നിരുന്ന ആലോചനകൾക്ക് വിരാമമായി കാർപ്പിച്ച് തുപ്പി.മുന്നിലൂടെ ഒലിച്ച പോകുന്നതിൽ തനിക്ക് പ്രിയപ്പെട്ട എന്തോ ഉണ്ട്  എന്ന അബദ്ധധാരണയല്ലാതെ ആ മുഖത്ത് മറ്റൊന്നും തെളിഞ്ഞിരുന്നില്ല.

സമുദ്രനിരപ്പിൽ നിന്ന് 2500 അടി ഉയരത്തിലുള്ള കുന്നിൻ പുറത്ത് ഇടിഞ്ഞ് വീഴാറായ ചാച്ചിറക്ക് വീടിന്റെ ഉമ്മറത്തിണ്ണയിലിരുന്ന വൃദ്ധന് വീടിന്റെ അതേപ്രായം ഉണ്ടാകും.പുറം ഭിത്തിയിൽ മണ്ണിൽ നിന്നും അധികം ഉയരത്തിലല്ലാതെ വരച്ചിട്ടിരിക്കുന്ന ഭാരതീയ ദേശീയ പതാകയുടെ  ചിത്രത്തിന് സമീപമായി ചില കണക്ക് കൂട്ടലുകൾ - ഈർപ്പം പുതച്ച് കിടക്കുന്നുണ്ട്.ഒതപ്പ് കയറിവന്ന വെള്ളം മുറ്റത്ത്  പരന്ന തുടങ്ങി.അഴിക്കോലിൽ സൂക്ഷിച്ചിരുന്ന പൊതിയഴിച്ച് രണ്ട് ബാറ്ററികൾ എടുത്ത് റേഡിയോവിലിട്ടു.മുറ്റത്തേക്ക് എത്തിയ അതിഥിയുടെ ഭയപ്പെടുത്തലുകളെ  അയാൾ  വായിച്ചെടുക്കുകയായിരുന്നു.ഇടക്ക് കാറ്റിൽ പാളിവന്ന ചാറ്റൽ റേഡിയോവിലേക്ക് ഊർന്നിറങ്ങിയതോടെ അത് ഉണർന്ന് പ്രവർത്തിക്കാൻ തുടങ്ങി.

തിടുക്കത്തിൽ പരന്ന് തുടങ്ങിയ മലവെള്ളം  ആ വൃദ്ധനെ കുന്നിൻ മുകളിൽ ഒറ്റക്കിരുത്തി...ഭിത്തിയിൽ വരച്ചിട്ട പതാകയുടെ  താഴെയുള്ള പച്ചനിറത്തിനൊപ്പം മലവെള്ളം ഉയർന്നപ്പോൾ  അയാൾ  അവിടെനിന്നും എഴുന്നേറ്റ് അതിലേക്ക് എടുത്ത് ചാടി.അരക്കുമീതെ ഉയർന്ന മലവെള്ളത്തിൽ നിന്ന് അയാൾ  ചുമരിലെഴുതിയ അക്കങ്ങളിലേക്ക് കണ്ണോടിച്ചു.ചാട്ടുളിവേഗത്തിൽ അയാൾ വെള്ളത്തിനടിയിലൂടെയും മുകളിലൂടെയും മുന്നോട്ട് കുതിച്ചു. ഒരു അര ഫർലോങ്ങ് ദൂരം നീന്തിയതിന് ശേഷം ഇടത്തോട്ട് തിരിഞ്ഞ് ഒരു പത്തമ്പത് കൈത്തുഴ കഴിഞ്ഞപ്പോൾ  അയാൾക്ക് വെള്ളത്തിൽ മുങ്ങിപ്പോയിരുന്ന കൽപ്പടവിൽ ചുവട് കിട്ടി.മറ്റൊരു കുന്നിലേക്ക് മലവെള്ളത്തോടൊപ്പം അയാളും  പടികൾക്കയറിത്തുടങ്ങിയെത്തിയതും  വൃദ്ധന്റെ വീടിന് സമാനമായിരുന്നു.
അതേ നിറം,അതേ ഉയരം.....എല്ലാംകൊണ്ടും  അത് തന്നെ.
അവിടെയും പതാകയുടെ ചിത്രവും കണക്കുകളും  ചില ഇംഗ്ലീഷ് കുറിപ്പുകളും ഉണ്ടായിരുന്നു.ജലനിരപ്പ് പതാകയുടെ സസ്യശാമളകോമളിമയെ പൂർണ്ണമായും നിമഗ്നമാക്കിയിരുന്നു.
ഹോവർസാക്കിൽ നിന്നും അയാൾ ഒരു ലൈഫ് ബോട്ട് എടുത്ത് ഊതി വീർപ്പിച്ചു.മുറ്റത്തെ ആളനക്കം ശ്രദ്ധിച്ച് അകത്തുനിന്നും ആദ്യ കാഴ്ചയിൽതന്നെ  ഒരു അന്ധയായിത്തോന്നുന്ന വൃദ്ധ ഇറങ്ങിവന്നു.
വൃദ്ധൻ  ലൈഫ് ബോട്ട്  നീട്ടിയെറിഞ്ഞ് കൊടുത്തു.അവർ അതിൽ അനായാസം കയറി- നേരത്തേ പരിശീലനം ലഭിച്ചതുപോലെ അത്ര വിദഗ്ദമായിത്തന്നെ.ബോട്ടിൽ നിന്നും ക്ലിപ്പ് വൃദ്ധന് നേരെ നീട്ടിയെറിഞ്ഞുകൊടുത്തു.നിമിഷങ്ങൾക്കകം അവർ അവിടെ നിന്നും മുന്നിലും പിന്നിലുമായി യാത്ര തുടർന്നു.

മഴ പിന്നെയും കനത്തു.നുറുങ്ങ് ചില്ലുകഷ്ണങ്ങൾ വാരിയെറിഞ്ഞതുപോലെ ഭീകരത സൃഷ്ടിക്കാനുള്ള മിടുക്ക് മഴക്കുണ്ടായിരുന്നു.തുരുത്തുകൾ കൃത്യമായി വിവേചിച്ച് വൃദ്ധൻ തന്റെ വീട്ടിലേക്ക് നീന്തിക്കയറി...ഒപ്പം അവരും.
തറയിൽ മഞ്ഞ നിറം കൊണ്ട് രേഖപ്പെടുത്തിയിരുന്ന അടയാളം അവർക്ക് ഇരിക്കാനുള്ളതായിരുന്നു.

വൃദ്ധൻ വീണ്ടും വെള്ളത്തിലേക്ക് ഇറങ്ങി.പതാകയിലെ പച്ചനിറവും,വെള്ളനിറത്തിന്റെ ആരക്കാൽ വരെയുള്ള ഭാഗവും മലവെള്ളത്തിന്റെ കടന്നാക്രമണത്തിന് വിധേയമായി.അയാൾ തിടുക്കത്തിൽ മലവെള്ളത്തിലൂടെ മുന്നോട്ട് പായുന്നതിനനുസരിച്ച് വരാന്തയിൽ തൂങ്ങിക്കിടന്നിരുന്ന മണി ശബ്ദിച്ചുകൊണ്ടിരുന്നു. അത് കേൾക്കുമ്പോളെല്ലാം അവർ ഒരു കയറിന്റെ മുറുക്കം അയച്ചുകൊടുത്തുകൊണ്ടിരുന്നു.
തല്ക്കാലം ഒരു പാറപ്പുറം ഇടത്താവളമാക്കി വൃദ്ധൻ ചില്ലുകുഴലിലൂടെ തന്റെ വീട്ടിലെ പതാകയുടെയും,മലവെള്ളത്തിന്റെ നിരപ്പുകൾ ശ്രദ്ധിച്ചു.ഒടുവിൽ വെള്ള നിറത്തേയും മഴവെള്ളം വിഴുങ്ങി..

ഒരു ഭാഗത്ത് വെള്ളപ്പൊക്കം മറുഭാഗം വരണ്ടുകിടക്കുന്നു.താഴത്ത് മലയൊതുക്കുകളിലൂടെ കിടപ്പാടം നഷ്ടപ്പെട്ടവരും ,അങ്ങനെ ഭയപ്പെടുന്നവരും കിട്ടിയതെല്ലാം പെറുക്കി ഉറുമ്പിൻ നിരകണക്കേ മലയിറങ്ങുന്നുണ്ടായിരുന്നു.
വർഷങ്ങൾക്ക് മുമ്പേ പാറക്കെട്ടിൽ താൻ രേഖപ്പെടുത്തിയിരുന്ന ചുവപ്പടയാളത്തിനെ വിഴുങ്ങുന്നതിനായി മലവെള്ളം വാ പിളർന്നു.അയാൾ ചുവപ്പടയാളത്തിന് മീതെ ഒരു കല്ലടപ്പ് ദ്വാരത്തിൽ സൂക്ഷിച്ചിരുന്ന ചില വസ്തുക്കൾ പുറത്തെടുത്തു.മലവെള്ളത്തിലേക്ക് എടുത്തുചാടി. ദൂരെ മലവെള്ളം ഏറ്റവും ഉയർന്ന് നിൽക്കുന്ന ഭാഗത്തേക്ക് നീന്തി.
മഴയുടെ കനം കുറഞ്ഞുവെങ്കിലും വൃദ്ധന്റെ വീടിന്റെ ഭിത്തിയിലെ അടയാളത്തിൽ പതാകയുടെ വെള്ളനിറത്തേയും വിഴുങ്ങി മലവെള്ളം കുങ്കുമനിറത്തിന് നേരെ ഉയർന്നുകൊണ്ടിരുന്നു.
1967 എന്ന് ഭിത്തിയിൽ രേഖപ്പെടുത്തിയ അക്കങ്ങൾ ജലനിരപ്പിൽ ഇടക്ക് മുങ്ങിത്താഴ്ന്നുകൊണ്ടിരുന്നു.അത് പൂർണ്ണമായും മുങ്ങത്താണ നിമിഷത്തിൽ വൃദ്ധയുടെ കാൽവിരലുകളെ മലവെള്ളം തൊട്ടുണർത്തി.ആ തണുപ്പ് അവരിൽ അഗ്നിപടർത്തി.അവർ അറിയാതെ മന്ത്രിച്ചു......
"ഇട്സ് 1967 ഇൻസിഡന്റ്..."
അവർ അവിടെ നിന്നും എഴുന്നേറ്റു കൈ ഉയർത്തി .കഴുക്കോലിന് സമാന്തരമായി വെച്ചിട്ടുണ്ടായിരുന്ന വയർലെസ് ഹാന്റ് സെറ്റിലേക്ക് കൈ കൃത്യമായി എത്തി.പരിശീലനം ലഭിച്ചിട്ടുള്ളതുപോലെ അവർ കൃത്യമായി അതെടുത്ത് കാതിനോട് ചേർത്തുപിടിച്ചു.
മലവെള്ളം പിന്നെയും ഉയർന്നുകൊണ്ടിരുന്നു.രൗദ്രതയുടെ താളം ശാന്തഭീതിതമായിരുന്നു.
നീണ്ട നിമിഷങ്ങൾക്ക് ശേഷം
വൃദ്ധയുടെ ചുണ്ടിൻ നിന്നും ഉതിർന്നു വീണ ജല്പനം അയാൾ എവിടെയോ ഇരുന്ന് വയർലെസ്സ് സെറ്റിലൂടെ കേട്ടു.
"ഇട്സ് റീച്ച്ഡ് 2021 മാർക്ക്."
ചുമരിലെഴുതിയ 2021 എന്ന അക്കവും ജലനിരപ്പും തമ്മിൽ നേരിയ വ്യത്യാസം

മാത്രം,വൃദ്ധയുടെ കാലിൽ പണ്ട് കാൽ മുട്ടിന് താഴെയായി വെടിയുണ്ട തറഞ്ഞ് കയറിയ മുറിവുണങ്ങിയ പാടും മലവെള്ളത്തിന്റെ നിരപ്പും തമ്മിലും അതേ വ്യത്യാസം മാത്രം.
വയർലെസ് താഴെ വെച്ച് അവർ ഹാന്റ് ടൈം പീസിലെ സൂചികളെ പഠിച്ചുകൊണ്ടിരുന്നു.
ഇരുട്ട് മലവെള്ളത്തിന് മീതെ അങ്ങിങ്ങായി വിരിവെച്ചുകൊണ്ടിരുന്നു.
രണ്ട് വയർലെസ് സെറ്റുകളും ശബ്ദിച്ചു.

“yes....i reached that tunnel...”
“may i ? "
വൃദ്ധൻ ചോദിച്ചതിന് അവർ മറുപടി പറഞ്ഞു.
“you are simply brave.....”
“the old cartographer of Indian Army.....just go ahead
and
come back
must come back....."

വൃദ്ധയുടെ ശബ്ദത്തിന് ഭാരതീയന്റെ അറിവിന്റെ അഭിമാന സ്പർശം ഉണ്ടായിരുന്നു.വിദൂരതയിൽ നിന്ന് ഒരു സ്ഫോടനത്തിന്റെ മുഴക്കം അന്തരീക്ഷത്തിൽ മുഴങ്ങി.
അത് കേട്ട് പറന്നകലാൻ എവിടെയും പറവകൾ ഉണ്ടായിരുന്നില്ല.
വൃദ്ധയുടെ കാൽമുട്ടിലെ മുറിവിൽ സ്പർശിക്കുന്നതിന് മുന്നേ മലവെള്ളം ക്രമമായി താഴ്ന്നുകൊണ്ടിരുന്നു.ഭീത്തിയിൽ വൃദ്ധൻ വരച്ചിട്ട പാതാകയോട് നിരുപാധികം മാപ്പ് പറഞ്ഞ് മലവെള്ളം മലയിറങ്ങുവാൻ തിടുക്കപ്പെട്ടു.
“2021 ”

“1967 ”

ഈ അക്കങ്ങളെല്ലാം ചരിത്രം രേഖപ്പെടുത്താതെപോയ ഒരു കാർട്ടോഗ്രഫറുടെ ദീർഘ വീക്ഷണത്തേയും ,അറിവിനേയും വാനോളം പുകഴ്ത്തി.
പാറപ്പുറത്ത് തിരിച്ചെത്തിയ വൃദ്ധൻ ചില്ല് കുഴലിലൂടെ ചുറ്റുപാടും നിരീക്ഷിച്ചു.സന്തുലിതമായിക്കൊണ്ടിരിക്കുന്ന ജലപ്രവാഹത്തെ അദ്ദേഹം സെല്യൂട്ട് ചെയ്തു.
തന്റെ വീട്ടിലിരിക്കുന്ന മദാമക്ക് ,തന്റെ എഞ്ചിനീയറിങ്ങ് പിഴവ് ബോധ്യപ്പെട്ട അന്ന് - അയാൾ പറഞ്ഞ ഗാന്ധാരിയുടെ കഥയിലെ പോലെ കണ്ണിന് കുറുകെ കറുത്ത ആവരണം കെട്ടുവാൻ മദാമ ആവശ്യപ്പെട്ടിരുന്നു.അത് നീക്കംചെയ്യാൻ അയാൾ അന്ന് രാത്രി ആവശ്യപ്പെട്ടു.രാത്രിയും കഴിഞ്ഞ് ഉദയം കാത്ത് കിടന്നിരുന്ന വെളിച്ചം മെല്ല മലകയറാൻ തുടങ്ങി.
അവർ പിന്നീട് പരസ്പരം കണ്ടില്ലെന്നാണ് മദാമയുടെ ഭാരതത്തിലെ ശവക്കല്ലറക്ക് സമീപത്ത് മറ്റൊരു കല്ലറയിൽ കിടന്ന് കൂലി വാങ്ങാതെ ചരിത്രം എഴുതിയ ആ വൃദ്ധൻ സ്വയം ബോധിപ്പിക്കുന്നത്.
കുങ്കുമനിറം കലർന്ന ആകാശത്തിന് താഴെ പേരിനൊപ്പം 1967-2021 എന്ന് രേഖപ്പെടുത്തിയ ശവക്കല്ലറയിലെ പേരുകൾ മാഞ്ഞുതുടങ്ങിയിരുന്നു.